Jt.
24/4/18

132

4797/18

7228

# കേരള സർക്കാർ


**അംഗപരിമിതർക്കായുള്ള സംസ്ഥാന കമ്മീഷണറേറ്റ്,**
**സോഷ്യൽ വെൽഫെയർ ഇൻസ്റ്റിറ്റ്യൂഷൻ കോംപ്ലക്സ്,**
**പൂജപ്പുര, തിരുവനന്തപുരം - 12.**
**ഫോൺ 0471-2347704.**


## സർക്കുലർ

വിഷയം :- Rights of Persons with Disabilities Act – 2016 - സ്ഥായിയായ (Permanent) Disability Certificate പുതുക്കേണ്ട ആവശ്യം ഇല്ല എന്നത് - സംബന്ധിച്ച്.

==================================================================

നം.625/എസ്2/18/എസ്.സി.പി.ഡബ്ല്യൂ.ഡി                    തീയതി, തിരുവനന്തപുരം, 13.04.2018.

==================================================================

പരാമർശം : - 1. 2016 - ലെ Rights of Persons with Disabilities Act.

2. Differently Abled People's Congress സംസ്ഥാന പ്രസിഡന്റിന്റെ 20.03.2018 ലെ DAPC/08/2018 നമ്പർ പരാതി.

അംഗപരിമിതർക്ക് സാമൂഹ്യക്ഷേമ പെൻഷൻ തദ്ദേശ സ്വയംഭരണ സ്ഥാപനം മുഖേന ലഭിക്കണമെങ്കിൽ വർഷാ വർഷം പുതുക്കിയ അംഗപരിമിത സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്ന് ബന്ധപ്പെട്ട ഓഫീസർമാർ ആവശ്യപ്പെടുന്നത് ഇത്തരക്കാർക്ക് വളരെ അധികം ബുദ്ധിമുട്ടും യാത്രാ ക്ലേശവും, സാമ്പത്തിക ബുദ്ധിമുട്ടും നേരിടുന്നതിനാൽ ജന്മനാഅംഗപരിമിതരും സ്ഥിരം അംഗപരിമിതരും അവശരും കിടപ്പുരോഗികളുമായ ഭിന്നശേഷിക്കാർക്ക് തുടർന്നു പെൻഷൻ കിട്ടുന്നതിന് അംഗപരിമിത സർട്ടിഫിക്കറ്റ് പുതുക്കുന്നതിൽ നിന്നും ഒഴിവാക്കണമെന്ന് പരാമർശ പ്രകാരം ആവശ്യപ്പെട്ടിരുന്നു. കമ്മീഷണർ ഇക്കാര്യം പരിശോധിച്ചു. സ്ഥായിയായ അംഗപരിമിതിയുള്ളവരുടെ അംഗപരിമിതി ജീവിതകാലം മുഴുവൻ നിലനിൽക്കുന്നതിനാൽ ഇവർക്ക് അനുവദിക്കുന്ന സർട്ടിഫിക്കറ്റ് ഒരിക്കൽ അനുവദിച്ചാൽ അത് പുതുക്കേണ്ട കാര്യമില്ല എന്നിരിക്കേ ഇവർക്ക് സാമൂഹ്യ ക്ഷേമ പെൻഷൻ ലഭിക്കുന്നതിന് പുതുക്കിയ അംഗപരിമിത സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്ന് നിഷ്കർഷിക്കുന്നതായി കമ്മീഷണറേറ്റിന്റെ ശ്രദ്ധയിൽ സൂചന (2) പ്രകാരം അറിയിക്കുകയുണ്ടായി. ഈ വിഷയത്തിൽ വ്യക്തത വരുത്തുന്നതിനായി കമ്മീഷണറേറ്റ് ഇപ്രകാരം ഉത്തരവാകുന്നു.

അംഗപരിമിതർക്ക് ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് സ്ഥായിയായ (Permanent) നാൽപതോ അതിലധികമോ അംഗപരിമിതിയുള്ള Disability Certificate ഉള്ള ആൾക്ക് അത് പുതുക്കേണ്ട ആവശ്യം ഇല്ല. മേൽപടി സർട്ടിഫിക്കറ്റ് ജീവിതകാലം മുഴുവൻ

ഉപയോഗിക്കാവുന്നതാണ്. പുതുക്കിയ സർട്ടിഫിക്കറ്റ് ആവശ്യപ്പെടുന്നത് സൂചനയിലെ ആക്റ്റിന്റെ ലംഘനമാണ്. ഒരു അംഗീകൃത മെഡിക്കൽ ബോർഡിൽ നിന്നുള്ള Permanent Disability Certificate ഹാജരാക്കിയാൽ അവ സ്വീകരിക്കാൻ ഏത് ഉദ്യോഗസ്ഥനും ബാദ്ധ്യസ്ഥനാണ്. അതിന് വിരുദ്ധമായി പ്രവർത്തിക്കുന്നത് അതീവ ഗുരുതരമായ അവകാശ നിഷേധമായി കമ്മീഷണറേറ്റ് കാണുന്നു. അതിനാൽ ഇത്തരത്തിൽ ഭിന്നശേഷിക്കാരോട് പുതുക്കിയ സർട്ടിഫിക്കറ്റ് ആവശ്യപ്പെടുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണെന്നും അറിയിക്കുന്നു. എന്നാൽ ഇതുമായി ബന്ധപ്പെട്ട് ഓഫീസർമാർക്ക് Life Certificate ആവശ്യപ്പെടാവുന്നതാണ്.

ഡോ. ഹരികുമാർ. ജി
അംഗപരിമിതർക്കായുള്ള സംസ്ഥാന കമ്മീഷണർ ആന്റ്
ഗവ: സെക്രട്ടറി (എക്സ്-ഒഫിഷ്യോ)

എല്ലാ വകുപ്പു തലവന്മാർക്കും
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ് (പത്ര മാധ്യമങ്ങൾ ഇലക്ട്രോണിക് മീഡിയ എന്നിവ വഴി വേണ്ട പ്രചാരത്തിന്)
സ്റ്റോക്ക് ഫയൽ/ആഫീസ് കോപ്പി

അംഗീകാരത്തോടെ

അണ്ടർ സെക്രട്ടറി